**Malayala Manorma**

**18 June 2018**

**Kochi:  Heavy rain,**



# കാരിക്കാമുറി പാർക്കിങ് ഗ്രൗണ്ട് ചെളിക്കുളം

■ ബസ് എടുക്കാൻ ജീവനക്കാർ ചെളിവെള്ളത്തിൽ നീന്തേണ്ട അവസ്ഥ

കൊച്ചി ● മഴ കനത്തതോടെ എറണാകുളം കെഎസ്ആർടിസി ബസ് സ്റ്റാൻഡിനു സമീപമുള്ള കാരിക്കാമുറി പാർക്കിങ് ഗ്രൗണ്ട് വീണ്ടും ചെളിക്കുളമായി. പാർക്കിങ് ഏരിയയിൽ ചെളി നിറഞ്ഞതോടെ ജീവനക്കാർ ബസ് എടുക്കാൻ വെള്ളത്തിലൂടെ നടന്നു പോകേണ്ട അവസ്ഥയാണ്. പുലർച്ചെയും രാത്രിയിലും ഇതു വലിയ ബുദ്ധിമുട്ടാണു സൃഷ്ടിക്കുന്നതെന്നു ജീവനക്കാർ പറഞ്ഞു. കെഎസ്ആർടിസിയെ കൂടാതെ തമിഴ്നാട്, കർണാടക ട്രാൻസ്പോർട്ട് കോർപറേഷനുകളുടെ ദീർഘദൂര ബസുകളും ഇവിടെയാണു നിർത്തുന്നത്.

വില കൂടിയ വോൾവോ, സ്കാനിയ ബസുകളാണു ചെളിയിൽ നിർത്തിയിടേണ്ടി വരുന്നത്.

സമീപത്തെ കാനകൾ വൃത്തിയാക്കിയതോടെ സ്റ്റാൻഡിനുള്ളിൽ ഇത്തവണ വെള്ളക്കെട്ടിനു കുറവുണ്ട്.

## ബസ് സ്റ്റാൻഡ് നവീകരണം ഇനിയെന്ന്?

കെഎസ്ആർടിസി ബസ് സ്റ്റാൻഡ് നവീകരണം അനന്തമായി നീളുകയാണ്. പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ സ്റ്റാൻഡ് നവീകരിക്കുമെന്ന ബജറ്റ് പ്രഖ്യാപനം ഇനിയും നടപ്പായിട്ടില്ല. ബസ് സ്റ്റാൻഡിൽ നിന്നു റെയിൽവേ സ്റ്റേഷനിലേക്കുള്ള വഴിയിലും വെള്ളക്കെട്ട് രൂക്ഷമാണ്. പകുതി വഴി ഇവിടെ ടൈൽ പാകിയെങ്കിലും ബാക്കി ഭാഗം ഒന്നും ചെയ്തിട്ടില്ല. റോഡ് രണ്ടു ഡിവിഷനുകളിലായി കിടക്കുന്നതിനാൽ ബന്ധപ്പെട്ട കൗൺസിലർമാർ പരിശ്രമിക്കാത്തതാണു റോഡ് നന്നാക്കാൻ വൈകുന്നത്. മഴയ്ക്കു മുൻപു റോഡ് നന്നാക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്നു റസിഡന്റ്സ് അസോസിയേഷനുകൾ ആവശ്യപ്പെട്ടിരുന്നെങ്കിലും അധികൃതരോ കൗൺസിലർമാരോ ഈ വഴിക്കു തിരിഞ്ഞു നോക്കിയിട്ടില്ല.